ശ്രോതാക്കളുടെ വികാരം പരമപ്രാധാന്യം

കോന്നിയൂർ നരേന്ദ്രനാഥ്

സിനിമാഗാനങ്ങൾ കേൾക്കുവാനുള്ള അവസരങ്ങളെല്ലാം സമർത്ഥമായി വിനിയോഗിക്കുന്ന സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ ഏററവും കൂടുതൽ അവസരങ്ങൾ ഒരുക്കിക്കൊടുക്കുന്നത് 'ആകാശവാണി'യാണ്. റേഡിയോ ശ്രോതാക്കളിൽ ഏറെപ്പേർ ഇഷ്ടപ്പെടുന്നതും ചലച്ചിത്രഗാന പ്രക്ഷേപണം തന്നെയാണ്. ചലച്ചിത്ര ഗാനാസ്വാദകർക്ക് അവരുടെ ഇഷ്ടഗാനങ്ങൾ കേൾക്കാനവസരം പ്രദാനം ചെയ്യുന്ന 'ആകാശവാണി' ഇക്കാര്യത്തിൽ വഹിക്കുന്ന പങ്കിനെക്കുറിച്ചറിയാനും പൊതുവേ മററ് പരിപാടികളുടെ പ്രക്ഷേപണത്തെ സംബന്ധിച്ചുള്ള വിശദവിവരങ്ങളറിയാനും വേണ്ടി ആകാശവാണി തിരുവനന്തപുരം നിലയം ഡയറക്ടർ ശ്രീ. കോന്നിയൂർ, ആർ. നരേന്ദ്രനാഥിനെ സമീപിച്ച ഈ ലേഖകൻ ചലച്ചിത്ര നാടക–ലളിതഗാനങ്ങൾ, യുവവാണി, ദൃശ്യവേദി എന്നിവയുടെ പ്രക്ഷേപണത്തിന്റെ പ്രസക്തിയും മാനദണ്ഡവും ഒക്കെ ചർച്ച ചെയ്യുകയുണ്ടായി. തിരക്കിട്ട ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ ലേഖകന്റെ ചോദ്യങ്ങൾക്കുത്തരം പറയുവാനും ആകാശവാണിയെക്കുറിച്ച് ശ്രോതാക്കൾക്കുള്ള മതിപ്പ് വർദ്ധിപ്പിക്കാനുതകുന്ന തരത്തിൽ കാര്യങ്ങൾ സംക്ഷിപ്തമായി വിശദീകരിക്കുവാനും സാഹിത്യ സാംസ്കാരിക മണ്ഡലത്തിൽ തനതായ വ്യക്തിത്വം സ്ഥാപിച്ചെടുത്ത ശ്രീ നരേന്ദ്രനാഥ് സമയം കണ്ടെത്തി.

ചലച്ചിത്രഗാന പ്രക്ഷേപണം: നടപടിക്രമങ്ങൾ

'ആകാശവാണി പ്രക്ഷേപണം ചെയ്യുന്ന ചലച്ചിത്രഗാനങ്ങളുടെ തെരഞ്ഞെടുപ്പിൽ പക്ഷപാതപരമായ നിലപാട് സ്വീകരിക്കുന്നുണ്ടെന്നുള്ള ചിലരുടെ അഭിപ്രായത്തെക്കുറിച്ചെന്താണഭിപ്രായം?'

—ലേഖകന്റെ ഈ ആദ്യചോദ്യത്തിനുത്തരമായി ശ്രീ നരേന്ദ്രനാഥ്, ആകാശവാണിയെക്കുറിച്ച് ആദ്യം പ്രസ്താവിച്ചു

'ആകാശവാണി ഒരു സ്വകാര്യ സ്ഥാപനമല്ല; പൊതുമേഖലാസ്ഥാപനമാണ്. ചലച്ചിത്രഗാനങ്ങളിലെന്നല്ല ഒരു കാര്യത്തിലും പക്ഷപാതപരമായ നിലപാട് സ്വീകരിക്കുവാൻ ഞങ്ങൾക്കാവില്ല. രണ്ട് കോടിയോളം വരുന്ന ശ്രോതാക്കളോടുള്ള വമ്പിച്ച ഉത്തരവാദിത്തം കർശനമായും പരിപാലിക്കുവാൻ ഞങ്ങൾ എപ്പോഴും ബാദ്ധ്യസ്ഥരാണ്. ഏതെങ്കിലും വിഭാഗത്തിന്റെ വികാരങ്ങളെ മുറിവേല്പിക്കാനോ ഒരു പ്രത്യേക വിഭാഗത്തിനെ ഉയർത്തിക്കാട്ടാനോ ഞങ്ങൾ ഒരിക്കലും ശ്രമിച്ചിട്ടില്ല. ആകാശവാണിയെക്കുറിച്ച് തെററായ അഭിപ്രായങ്ങൾ വെച്ചുപുലർത്തുന്നവർ യാഥാർത്ഥ്യം മനസ്സിലാക്കുവാൻ തയ്യാറാകണം. ജനങ്ങളുമായി–ശ്രോതാക്കളുമായി–ആശയവിനിമയം നടത്തുവാൻ ആകാശവാണി പരമാവധി ശ്രമിക്കാറുണ്ട്.

'മദ്രാസ്സിലുള്ള സൗത്ത് ഇന്ത്യൻ ഫിലിം ചേംബേഴ്സ് കോമേഴ്സ് (Sifcc) എന്ന നിർമ്മാതാക്കളുടെ സംഘടനയും ആകാശവാണിയുടെ മദിരാശി നിലയവും തമ്മിലുണ്ടാകുന്ന ഒരു കരാറിനെത്തുടർന്നാണ് പുതിയ ചിത്രങ്ങളുടെ ഗാനങ്ങൾ ഞങ്ങൾ പ്രക്ഷേപണം ചെയ്യുന്നത് (Sifcc)യും ആകാശവാണിയും തമ്മിലുണ്ടാക്കിയ കരാറിന്റെ വിശദവിവരം ഞങ്ങൾക്ക് ലഭ്യമായാലുടൻ പുതിയ ഗാനങ്ങളുടെ റിക്കോർഡ് സംഘടിക്കുവാനുള്ള ശ്രമമാരംഭിക്കുന്നു. ഗ്രാമഫോൺ കമ്പനിയിൽ നിന്നും റിക്കോർഡ് കിട്ടാതെ വന്നാൽ മാത്രമേ പൊതുവിപണിയിൽനിന്ന് അവ വാങ്ങുകയുള്ളു. പൊതുവിപണിയിൽ നിന്ന് റിക്കോർഡ് വാങ്ങുമ്പോൾ ആകാശവാണിക്ക് 'ഡീലേഴ്സ് കമ്മീഷൻ' തുക നഷ്ടപ്പെടുന്നു എങ്കിൽപ്പോലും ശ്രോതാക്കളുടെ അഭിരുചികണക്കിലെടുത്ത് പുതിയ ചിത്രങ്ങളുടെ

റിക്കോർഡ് കരസ്ഥമാക്കുവാനും പ്രക്ഷേപണം ചെയ്യുവാനും ഞങ്ങൾ പരമാവധി ശ്രമിക്കാറുണ്ട്.'

ചോ; 'റിലീസ് ചെയ്ത ചിത്രങ്ങളുടെ ഗാനങ്ങൾ പ്രക്ഷേപണം ചെയ്യുവാൻ ആകാശവാണിക്കെന്താണ് തടസ്സം?'

ഉ: 'നേരത്തെ സൂചിപ്പിച്ചതുപോലെ Sifcc യും ആകാശവാണിയും തമ്മിലുണ്ടാക്കുന്ന കരാറിൽപ്പെടാത്ത നിർമ്മാതാക്കളുടെ ചിത്രങ്ങൾ റിലീസ്സായാലും തിയേററിൽനിന്ന് അപ്രത്യക്ഷമായാലും പ്രസ്തുത ചിത്രങ്ങളുടെ ഗാനങ്ങൾ പ്രക്ഷേപണം ചെയ്യുവാൻ ഞങ്ങൾക്ക് നിർവ്വാഹമില്ല. കരാറിലേർപ്പെടാത്ത ഗാനങ്ങൾ—അവ എത്ര പ്രസിദ്ധമായാലും—പ്രക്ഷേപണം ചെയ്യാനുള്ള അവകാശം ഞങ്ങൾക്കില്ല. അവകാശമില്ലാത്ത ഗാനങ്ങൾ പ്രക്ഷേപണം ചെയ്താലുണ്ടാകാവുന്ന ഭവിഷ്യത്തുകൾ വളരെയേറെയാണ്. ഈ സാഹചര്യത്തിലാണ് ചില പ്രത്യേക ഗാനങ്ങൾ ആകാശവാണിയിലൂടെ കേൾക്കുന്നില്ലെന്നും ഞങ്ങൾ വിവേചനം കാട്ടുന്നു എന്നും ചിലർ കുററപ്പെടുത്തുന്നത്. ശ്രോതാക്കൾക്കും പല പുതിയ ചിത്രനിർമ്മാതാക്കൾക്കും ആകാശവാണിയിലൂടെ ഒരു ഗാനം പ്രക്ഷേപണം ചെയ്യുന്നതു സംബന്ധിച്ചുള്ള നടപടി ക്രമങ്ങളെക്കുറിച്ചുള്ള വ്യക്തമായ ധാരണ ഇല്ലെന്നുള്ളതാണ് യാഥാർത്ഥ്യം. പുതിയ ചിത്രനിർമ്മാതാക്കൾ Sifcc യുമായി ബന്ധപ്പെട്ട് ആകാശവാണിയുടെ മദ്രാസ് നിലയവുമായി കരാറിലേർപ്പെട്ടാൽ പുതിയ ചലച്ചിത്രഗാനങ്ങളുടെ പ്രക്ഷേപണത്തിന് ഇന്നുള്ള തടസ്സങ്ങൾ ലഘൂകരിക്കപ്പെടും. തദ്വാരാ ചിലരുടെ തെററിദ്ധാരണയും പാടെ ഇല്ലാതാകും.'

ചോ: ചലച്ചിത്രഗാനങ്ങളുടെ പ്രക്ഷേപണ തെരഞ്ഞെടുപ്പിന് പൊതുവായ എന്തെങ്കിലും മാനദണ്ഡമുണ്ടോ?'

ഉ: 'അരമണിക്കൂറിനകം അല്ലെങ്കിൽ നാല്പത്തിയഞ്ച് മിനിട്ടിനകം അവതരിപ്പിക്കപ്പെടുന്ന ചലച്ചിത്രഗാനങ്ങളുടെ ഉള്ളടക്കത്തിലും പ്രമേയത്തിലും വൈവിദ്ധ്യം പുലർത്തുവാൻ ആകാശവാണി ശ്രമിക്കാറുണ്ട്. സിനിമയുടെ മുഖ്യപ്രമേയം സ്ത്രീപുരുഷ പ്രണയത്തെ ചുററിപ്പററിയുള്ളതിനാൽ നമ്മുടെ മിക്ക ചലച്ചിത്രഗാനങ്ങളും ഇതേ സങ്കല്പത്തിലാണ് ശ്രദ്ധയൂന്നുന്നത്. റേഡിയോ ശ്രോതാക്കൾ കൂടുതലും കുടുംബാംഗങ്ങളായതിനാൽ പ്രണയ സങ്കല്പത്തിൽ മാത്രം ശ്രദ്ധയൂന്നുന്നതും ലൈംഗികാശയ പ്രാമാണ്യം പ്രദർശിപ്പിക്കുന്നതും ആയ ഗാനങ്ങളുടെ എണ്ണം കുറയ്ക്കുവാനും ജീവിതത്തിന്റെ മററു മേഖലകളിലേയ്ക്ക് ശ്രോതാക്കളുടെ ശ്രദ്ധ ക്ഷണിക്കുന്ന ഗാനങ്ങൾ ഉൾപ്പെടുത്താനും ശ്രദ്ധ ചെലുത്താറുണ്ട്. ജീവിതത്തെക്കുറിച്ചുള്ള വികലമായ ധാരണകൾ പാടെ മാററുവാനും നമ്മുടെ സംസ്കാര പാരമ്പര്യത്തെ ഉർത്തിക്കാട്ടുവാനും മറെറല്ലാ പരിപാടികളിലുമെന്ന പോലെ ചലച്ചിത്രഗാനങ്ങളുടെ അവതരണത്തിലും ആകാശവാണി സജീവ ശ്രദ്ധ കാട്ടുന്നുണ്ട്.'

നാടകഗാനങ്ങൾ

സിനിമാ ഗാനങ്ങൾക്ക് പ്രാമുഖ്യം നൽകിയതുകൊണ്ടാണോ ലളിതഗാനശാഖയിൽപ്പെടുന്ന നാടകഗാനങ്ങളെ ആകാശവാണി ഇന്ന് അവഗണിക്കുന്നതു്?' ലേഖകന്റെ ഈ ചോദ്യത്തിനുത്തരമായി ശ്രീ: നരേന്ദ്രനാഥ് നാടക ഗാനങ്ങളുടെ റിക്കോർഡ് കിട്ടുവാനുള്ള വൈഷമ്യം വിശദീകരിച്ചു. 'പുതിയ നാടക ട്രൂപ്പുകൾ അവരുടെ നാടകങ്ങളിലെ ഗാനങ്ങൾ കാസററിൽ ടേപ്പ് ചെയ്ത് അവതരിപ്പിക്കുന്ന സമ്പ്രദായം സ്വീകരിച്ചിരിക്കുകയാണ്. നാടകഗാനങ്ങൾ റിക്കോർഡിലാക്കുവാൻ പലരും തയ്യാറാകുന്നില്ല. അതിനാൽ പുതിയ നാടകഗാനങ്ങളുടെ റിക്കോർഡ് പൊതു വിപണിയിൽപ്പോലും ലഭ്യമല്ല. വളരെ പഴയ നാടകഗാനങ്ങളുടെ ഏതാനും റിക്കോർഡുകൾ മാത്രമേ ഇപ്പോൾ ആകാശവാണിയിൽ ഉള്ളൂ. ഇവ തന്നെ എപ്പോഴും പ്രക്ഷേപണം ചെയ്താൽ ശ്രോതാക്കൾതന്നെ ഇതു് അസഹ്യമാണെന്ന് പരാതിപ്പെടും.'

ലളിതഗാനങ്ങൾ

'സംഗീതത്തോടുള്ള നമ്മുടെ ആഭിമുഖ്യം അഭേദ്യമാണ്. ലളിത ഗാനശാഖ വളർന്ന് പന്തലിക്കുവാനുള്ള പ്രധാന കാരണം നമ്മുടെ സംഗീതപ്രേമമാണ്. ലളിതഗാനങ്ങളുടെ അവതരണത്തിൽ പുതുമുഖങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം നൽകാറുണ്ട്.'— ലളിതഗാനങ്ങളെക്കുറിച്ചുള്ള പരാമർശത്തെത്തുടർന്ന് ശ്രീ: നരേന്ദ്രനാഥ് അഭിപ്രായപ്പെട്ടു.

'ലളിതഗാനങ്ങളുടെ പ്രക്ഷേപണ യോഗ്യത തീരുമാനിക്കുന്നതെങ്ങിനെയാണ്?'— ലേഖകൻ ചോദ്യമുന്നയിച്ചു.

'പ്രശസ്തരായ കവികളെ ക്ഷണിക്കാൻ ശ്രദ്ധിക്കാറുള്ളതുപോലെ തന്നെ പുതിയ പ്രതിഭകളെ കണ്ടെത്താനും ആകാശവാണി ശ്രമിക്കുന്നുണ്ട്—' അദ്ദേഹം വിശദീകരിച്ചു: 'ലളിതഗാനങ്ങൾ പ്രക്ഷേപണത്തിനായി തെരഞ്ഞെടുക്കുന്നതും അവതരിപ്പിക്കുന്നതും പ്രശസ്തരായ കലാകാരന്മാരുടെ രേഖാമൂലമായ അഭിപ്രായത്തെ കണക്കിലെടുത്താണ്. ആകാശവാണിയിൽ ലഭിക്കുന്ന രചനകൾ പരിശോധിച്ച് യോഗ്യത നിശ്ചയിക്കുന്നതും പ്രക്ഷേപണം ചെയ്യാൻ സജ്ജമാക്കുന്നതും ആയ നടപടി ക്രമങ്ങൾ വിവിധ വ്യക്തികളിലൂടെയാണ് പൂർത്തീകരിക്കപ്പെടുന്നത്. അതിനാൽ ഏതെങ്കിലും ഒരു വ്യക്തിയുടെ രചന ഒഴിവാക്കാനോ മറേറതെങ്കിലും വ്യക്തിയെ അവിഹിതമായി ഉയർത്താനോ ആർക്കും സാധിക്കുകയില്ല.'

യുവവാണി

'കലാസാഹിത്യ സാംസ്കാരിക രംഗങ്ങളിൽ വളർന്ന് വരുന്ന യുവ പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹനം നൽകുവാൻ ആകാശവാണി ശ്രമിക്കുന്നതിന്റെ മികച്ച തെളിവാണ് 'യുവവാണി' പ്രോഗ്രാം. ബാഹ്യമായ കർശന നിയന്ത്രണങ്ങളില്ലാതെ സ്വതന്ത്രമായി ഭാവനാശേഷിക്കനുസൃതമായി പരിപാടികൾ ആസൂത്രണം ചെയ്തവതരിപ്പിക്കുവാൻ യുവവാണിയിലൂടെ യുവതീ യുവാക്കൾക്ക് അവസരം നൽകാറുണ്ട്. കല, സാഹിത്യം, ചരിത്രം, സംസ്കാരം, ശാസ്ത്രം തുടങ്ങിയ നാനാ മേഖലകളിലേയ്ക്ക് വെളിച്ചം വീശുന്ന ചർച്ചകളും പ്രഭാഷണങ്ങളും ചിത്രീകരണങ്ങളും ഒക്കെ വിനോദ—വിജ്ഞാന പാതയിലൂടെ യുവവാണിയിൽ അവതരിപ്പിക്കാറുണ്ട്.'

ദൃശ്യവേദി

ദൃശ്യകലാ രൂപമായ സിനിമയ്ക്ക് അർഹമായ പ്രാധാന്യം നൽകുവാൻ ചലച്ചിത്ര നിരൂപണങ്ങളും പ്രഭാഷണങ്ങളും ഉൾക്കൊള്ളിച്ച് ഒന്നാമത്തേയും മൂന്നാമത്തേയും അഞ്ചാമത്തേയും വെള്ളിയാഴ്ച രാത്രി ദൃശ്യവേദി എന്നൊരു പരിപാടി ആകാശവാണി അവതരിപ്പിക്കാറുണ്ടെന്ന് സിനിമയ്ക്ക് നൽകുന്ന പ്രാധാന്യത്തെക്കുറിച്ചുള്ള ചോദ്യത്തിനുത്തരമായി അദ്ദേഹം അനുസ്മരിപ്പിച്ചു.

ശ്രോതാക്കളുമായുള്ള ബന്ധം

ആകാശവാണി തിരുവനന്തപുരം നിലയത്തിന് കഴിഞ്ഞ വർഷം ലഭിച്ച കത്തുകളുടെ എണ്ണം 54,000—ത്തോളം വരുമെന്ന് ശ്രോതാക്കളുമായുള്ള ബന്ധത്തെ സൂചിപ്പിച്ചുകൊണ്ട് സ്റ്റേഷൻ ഡയറക്ടർ അഭിമാനപൂർവ്വം വെളിപ്പെടുത്തി. ഇതിൽ 267—ഓളം കത്തുകൾ ആകാശവാണി അവതരിപ്പിക്കുന്ന പരിപാടികളെ വിമർശിച്ചുകൊണ്ടുള്ളതായിരുന്നു വെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. സ്തുതിഗീതങ്ങളും നിശിത വിമർശനങ്ങളും കത്തുകളുടെ കൂട്ടത്തിലുണ്ടെങ്കിലും പ്രായോഗിക നിർദ്ദേശങ്ങൾ നൽകുന്ന കത്തുകളെ അർഹിക്കുന്ന ഗൗരവത്തോടെ ഞങ്ങൾ വീക്ഷിക്കാറുണ്ടെന്നും ചില കത്തുകളുടെ മാതൃകകൾ ഉദ്ധരിച്ചുകൊണ്ട് ശ്രീ: നരേന്ദ്രനാഥ് അഭിപ്രായപ്പെട്ടു. ശ്രോതാക്കളുമായുള്ള സുദൃഢമായ ബന്ധം കാത്തുസൂക്ഷിക്കുവാൻ 'എഴുത്തുപ്പെട്ടി' പോലുള്ള വേദികൾ സഹായിക്കുന്നുണ്ടെന്നും വ്യക്തമാക്കപ്പെട്ടു.

ഭിന്നരുചിക്കാരായ ശ്രോതാക്കളുടെ വികാരം കണക്കിലെടുത്ത് പരിപാടികൾ ആസൂത്രണം ചെയ്യുവാൻ താൻ അക്ഷീണം പ്രവർത്തിക്കുന്നുണ്ടെന്ന് സ്റ്റേഷൻ ഡയറക്ടർ വ്യക്തമാക്കി. 'ശ്രോതാക്കളുടെ പങ്കാളിത്തം പരമാവധി ഉറപ്പു നൽകുന്ന പ്രക്ഷേപണകല വളർത്തിയെടുക്കുവാൻ റേഡിയോ പോലുള്ള ബഹുജന മാദ്ധ്യമത്തിന് കഴിഞ്ഞിട്ടുള്ളതു് ആശാവഹമാണ്. ഭാഷ, സംസ്കാരം, സാമൂഹ്യബോധം എന്നീ മണ്ഡലങ്ങളിലൊക്കെ പുത്തൻ ധാരകളെ ഉൾക്കൊള്ളുവാനും പുത്തൻ തലമുറയെ ആശയസമ്പന്നമാക്കുവാനും അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും അകററുവാനും ചുരുക്കത്തിൽ ജീവിതത്തിനു തന്നെ അടുക്കും ചിട്ടയും താളവും പ്രദാനം ചെയ്യാനും റേഡിയോ പോലുള്ള മാദ്ധ്യമങ്ങൾക്കുള്ള പങ്ക് കണ്ടറിഞ്ഞു് പ്രവർത്തിക്കുവാൻ എന്റെ കഴിവുകൾ വിനിയോഗിക്കും. ഇക്കാര്യത്തിൽ ഏവരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു'—സംഭാഷണം അവസാനിപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു.

സി. പി. ബാലചന്ദ്രൻ

സ്വർണ്ണാഭരണങ്ങൾക്ക്   Phone: 20015

ഡേവീസ് ജ്വല്ലറി

ഹൈറോഡ്, തൃശൂർ-1.

(പോലീസ് ക്ലബ്ബിന് സമീപം)